'ഭരണഭാഷ- മാതൃഭാഷ'

പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 853 — 05.02.2020 ൽ മറുപടിയ്ക്ക്

വനംവകുപ്പിന്റെ പുതിയ പദ്ധതികൾ

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | | മറുപടി<br>അഡ്വ.കെ. രാജു (വനവും, മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സ്വകാര്യ കണ്ടൽക്കാടുകളും എസ്റ്റേറ്റുകളും വനംവകുപ്പ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ; | (എ) | ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്ത് 2018 ൽ ഉണ്ടായ കടുത്ത വെള്ളപ്പൊക്കത്തിന്റെ വെളിച്ചത്തിൽ സംസ്ഥാന പുനർ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി സർക്കാർ നടപ്പാക്കുന്ന റീ ബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി വന മേഖലയിലെ പുനർ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 800 കോടി അടങ്കൽ തുകയുള്ള പദ്ധതിയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം പ്രൈവറ്റ് എസ്റ്റേറ്റുകളുടെ ഏറ്റെടുക്കൽ, കണ്ടൽക്കാടുകളുടെ ഏകീകരണം എന്നീ പ്രവർത്തനങ്ങൾ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നു. ടി പ്രവർത്തനങ്ങൾക്കായി യഥാക്രമം 880.2315 ലക്ഷം രൂപയും, 514.13 ലക്ഷം രൂപയും പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. കണ്ടൽക്കാടുകളുടെ ഏകീകരണത്തിനായി നാളിതുവരെ 52.615 ഹെക്ടർ സ്വകാര്യ കണ്ടൽക്കാടുകളുടെ ഉടമസ്ഥർ സമ്മതം നൽകിയിട്ടുണ്ട്. |
| (ബി) | പരിസ്ഥിതിപുനഃസ്ഥാപനവും വനവിസ്തൃതിയും വർദ്ധിപ്പിക്കുന്നതിന് വനം വകുപ്പ് ലക്ഷ്യം വെയ്ക്കുന്ന പദ്ധതികൾ വിശദീകരിക്കാമോ; | (ബി) | റീ ബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിൽ വനത്തിനുള്ളിലും, വനാതിർത്തികളിലും സ്ഥിതി ചെയ്യുന്ന പ്രൈവറ്റ് സെറ്റിൽമെന്റുകളിലെ ആളുകളുടെ മാറ്റിപ്പാർപ്പിക്കൽ, പ്രൈവറ്റ് എസ്റ്റേറ്റുകളുടെ ഏറ്റെടുക്കൽ, കണ്ടൽക്കാടുകളുടെ ഏകീകരണം എന്നിവ ലക്ഷ്യം വയ്ക്കുന്നുണ്ട്. വിദേശീയ സസ്യങ്ങളായ യൂക്കാലിപ്റ്റസ്, അക്കേഷ്യ ഓറിക്കുലിഫോർമിസ്, മാഞ്ചിയം, വാറ്റിൽ തുടങ്ങിയവ നട്ടുവളർത്തിയിട്ടുള്ള വ്യാവസായിക തോട്ടങ്ങളെ വെട്ടി മാറ്റി സ്വാഭാവികഇന മരതൈകൾ വച്ചു പിടിപ്പിക്കുന്നതിനുള്ള പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധന |

| | | | |
|---|---|---|---|
| | | | സഹായത്തോടെ സംസ്ഥാനത്ത് "ഗ്രീൻ ഇന്ത്യ മിഷൻ" പദ്ധതി നടപ്പിലാക്കി വരുന്നു. കാവുകളുടെ സംരക്ഷണം, ജലസ്രോതസ്സുകളുടെ സംരക്ഷണം, പ്രകൃതിജന്യ ഇന്ധനങ്ങളുടെ ഉപയോഗത്തെ പ്രോത്സാഹിപ്പിക്കുക വഴി വിറകിനായി വനത്തിനോടുള്ള ആശ്രിതത്വം കുറയ്ക്കൽ, പങ്കാളിത്ത വന പരിപാലന പ്രവർത്തനങ്ങൾ വഴി വനാശ്രിതരുടെ ജീവിത നിലവാരം ഉയർത്തുക എന്നിവ ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നു. ഇതുകൂടാതെ സാമൂഹ്യവനവൽക്കരണ വിഭാഗത്തിൻറെ നേതൃത്വത്തിൽ വനേതര പ്രദേശങ്ങളിൽ വൃക്ഷവത്കരണം നടത്തിവരുന്നുണ്ട്. ഇതിനായി ഹരിതകേരളം, എൻറെ മരം, നമ്മുടെ മരം, വഴിയോരത്തണൽ പദ്ധതി, അർബൻ ഫോറസ്ട്രി, പുഴയോരസംരക്ഷണം, കണ്ടൽ വനവൽക്കരണം, സ്വകാര്യ ഭൂമികളിൽ തടി ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വൃക്ഷതൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി, തുടങ്ങിയ വിവിധ പദ്ധതികൾ നിലവിലുണ്ട്. |
| (സി) | കേരള പുനർനിർമ്മാണ-വികസനപദ്ധതിയുടെ ഭാഗമായി പരിസ്ഥിതിസൗഹൃദവും അതിജീവനക്ഷമവുമായ എന്തെല്ലാം പദ്ധതികളാണ് വനംവകുപ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ? | (സി) | കേരള പുനർനിർമ്മാണ വികസന പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പാക്കുന്നത്.<br>**1) അർഹമായ നഷ്ടപരിഹാരം നൽകി പ്രവറ്റ് സെറ്റിൽമെന്റുകളെ സ്വച്ഛാനുസരണം മാറ്റിപ്പാർപ്പിക്കൽ**<br>ഈ പദ്ധതി പ്രകാരം ശെന്തുരുണി വന്യജീവി ഡിവിഷനിലെ രണ്ട് കോളനികളും, മറയൂർ, നോർത്ത് വയനാട് വനം ഡിവിഷനുകളിൽ നിന്നും 6 വീതം കോളനികളും, കാസർഗോഡ് വനം ഡിവിഷനിലെ 8 കോളനികളും 10591.76 ലക്ഷം രൂപ ചെലവഴിച്ച് മാറ്റി പാർപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.<br>**2) പ്രൈവറ്റ് എസ്റ്റേറ്റുകളെ ഏറ്റെടുക്കൽ**<br>മണ്ണാർക്കാട് ഡിവിഷനിലെ 2 എസ്റ്റേറ്റുകൾ, നോർത്ത് വയനാട് ഡിവിഷനിലെ 4 എസ്റ്റേറ്റുകൾ എന്നിവയാണ് ഈ പദ്ധതിയിലൂടെ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനായി 1880.2315 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| | | | **3) കണ്ടൽക്കാടുകളുടെ ഏകീകരണവും സംരക്ഷണവും**<br>കേരളത്തിലെ മലപ്പുറം, കണ്ണൂർ, തൃശ്ശൂർ, കൊല്ലം ജില്ലകളിലായി വിവിധ താലൂക്കുകളിൽ ഉൾപ്പെട്ട 37 കണ്ടാൽ പ്രദേശങ്ങൾ ഏറ്റെടുത്ത് സംരക്ഷിക്കുന്നതാണ് പദ്ധതി ലക്ഷ്യം. ഇതിനായി 514.13 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>**4) സാദ്ധ്യതാ പഠനം**<br>1. മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനും വനത്തിനകത്ത് താമസിക്കുന്ന വനാശ്രിത സമൂഹത്തിന്റെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വേണ്ടി അവരുടെ നിലവിലുള്ള ഭൂമി ഏറ്റെടുത്ത് പകരം ഭൂമി നൽകുന്നതിനും ആയതുവഴി ടി സമൂഹത്തിന്മേൽ പ്രകൃതി ക്ഷോഭം മൂലമുണ്ടാകുന്ന ആഘാതം ലഘൂകരിക്കുന്നത് സംബന്ധിച്ചുള്ള സാദ്ധ്യതാ പഠനം.<br>2. കേരളത്തിലെ കണ്ടൽ വനങ്ങളുടെ ദീർഘകാല സംരക്ഷണത്തി നായി ജനങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഉപജീവനാധിഷ്ഠിത പരിപാലനതന്ത്രം വികസിപ്പിക്കുന്നതിനായുള്ള സാദ്ധ്യതാ പഠനം.<br>3. കേരളത്തിലെ വനങ്ങളും അതുമായി ബന്ധപ്പെട്ട ആവസവ്യവസ്ഥയും സംസ്ഥാനത്തിന്റെ മഴലഭ്യതയുമായി ബന്ധപ്പെട്ട് നൽകുന്ന സേവനങ്ങൾ വിലയിരുത്തുന്നതിനായുള്ള പഠനം.<br>മേൽ സാദ്ധ്യതാ പഠനങ്ങൾക്കായി 54.60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ